# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 178 06.01.2014-ൽ മറുപടിയ്ക്ക്

### വർഗ്ഗീയ സംഘർഷ സാധ്യതാ പ്രദേശങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീമതി. ഇ. എസ്. ബിജിമോൾ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി) |
| എ) സംസ്ഥാനത്തെ വർഗ്ഗീയ സംഘർഷ സാധ്യതാ പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| ബി) എങ്കിൽ ഈ പ്രദേശങ്ങളിൽ സർക്കാർ എന്തൊക്കെ സ്ഥിരം മുൻകരുതലുകളാണ് എടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ ; | (ബി) വർഗ്ഗീയ പ്രശ്ന സാധ്യതാ പ്രദേശങ്ങളിൽ പോലീസ് അതീവ ജാഗ്രത പുലർത്തി പട്രോളിംഗ് കർശനമാക്കിയും, പ്രത്യേക പോലീസ് ബന്തവസ് സ്കീമുകൾ തയ്യാറാക്കിയും മറ്റുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സാമുദായിക സൗഹാർദ്ദം സംരക്ഷിച്ചുകൊണ്ട് പൊതുസമാധാനം ഉറപ്പുവരുത്തുന്നതിനായി, പോലീസിന്റെ അവസരോചിതവും ഫലപ്രദവുമായ ഇടപെടൽ സാധ്യമാക്കുന്ന തരത്തിൽ പോലീസ് സേനയെ ശക്തിപ്പെടുത്തി വരുന്നു. ഇതുകൂടാതെ താഴെപ്പറയുന്ന നടപടികളും സ്വീകരിച്ച് വരുന്നു.<br><br>1.വർഗ്ഗീയ സംഭവങ്ങൾ രൂക്ഷമായ പ്രദേശങ്ങളിലെല്ലാം സുരക്ഷാ ക്യാമറകൾ സ്ഥാപിച്ച് പ്രത്യേകം നിരീക്ഷിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.<br><br>2.വർഗ്ഗീയ സംഘർഷ സാധ്യതാ പ്രദേശങ്ങളിൽ സമർത്ഥരും പ്രാവീണ്യം തെളിയിച്ചവരുമായ പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുവാൻ നടപടി സ്വീകരിച്ച് വരുന്നു.<br><br>3.സ്ഥിരമായി വർഗ്ഗീയ സംഘർഷങ്ങളിൽ ഏർപ്പെടുന്ന വ്യക്തികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>കൂടാതെ സാമുദായിക ഐക്യം നിലനിർത്തുന്നതിന് വേണ്ടി വർഗ്ഗീയ പ്രശ്ന സാധ്യത പ്രദേശങ്ങളിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1.എല്ലാ രാഷ്ട്രീയ കക്ഷികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമ്മേളനങ്ങൾ നടത്തി മാതൃകാ പെരുമാറ്റ ചട്ടം രൂപീകരിക്കുന്നതിനും |

അഭിപ്രായസമന്വയം ഉണ്ടാക്കുവാനും നടപടി സ്വീകരിച്ചുവരുന്നു.

2. മത സൗഹാർദ്ദ അവലോകന മീറ്റിങ്ങുകൾ സർവ്വ മത നേതാക്കളെയും ഉൾപ്പെടുത്തിക്കൊണ്ട് സമയാസമയം നടത്തുന്നതിനു നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. മത സൗഹാർദ്ദത്തിനു ഹാനികരമാകത്തക്ക രീതിയിലുള്ള പെയിന്റിംഗുകൾ, തോരണങ്ങൾ, ചുവരെഴുത്തുകൾ, സാമുദായിക അടിസ്ഥാനത്തിലുള്ള ബസ് വെയിറ്റിംഗ് ഷെഡുകൾ തുടങ്ങിയവ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു.

4. പ്രാദേശികമായി സർക്കിൾ ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ കമ്മ്യൂണൽ ഹാർമണി യോഗങ്ങൾ സംഘടിപ്പിച്ചു വരുന്നുണ്ട്.

5. ആരാധനാലയങ്ങളുടെ നിർമ്മാണവും പുനരുദ്ധാരണ പ്രവർത്തനങ്ങളും സാമുദായിക ധ്രുവീകരണത്തിനു കാരണമാകുമെന്നതിനാൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിനു ജില്ലാ അധികാരികളുടെ മുൻകൂർ അനുമതി നിർബന്ധമാക്കിയിട്ടുണ്ട്.

(സി) ഇത്തരം മുൻകരുതലുകൾ എടുത്തശേഷവും പ്രസ്തുത സ്ഥലങ്ങളിൽ പ്രശ്നങ്ങൾ ഉടലെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ട്. വർഗ്ഗീയ പ്രശ്നങ്ങൾ ഉടലെടുക്കുന്നുണ്ടെങ്കിലും അവ വൻ പ്രശ്നങ്ങളിലേക്ക് പടരുന്നത് തടയാൻ കഴിയുന്നുണ്ട്.

(ഡി) അത്തരം സ്ഥലങ്ങളിൽ എന്തെങ്കിലും പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ?

(ഡി) സംസ്ഥാനത്തെ ഏറ്റവും അധികം വർഗ്ഗീയ സംഘർഷ സാധ്യതാ പ്രദേശമായ കാസർഗോഡ് ജില്ലയിൽ മത സൗഹാർദ്ദം നിലനിർത്താൻ വേണ്ടി റസിഡൻസ് അസോസിയേഷനുകളെ ഉൾപ്പെടുത്തി 'പൊൻപുലരി', കോളേജ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തി 'ഉണർവ് ', വനികളെ ഉൾപ്പെടുത്തി 'സുജല ', അധ്യാപകരെ ഉൾപ്പെടുത്തി 'അർപ്പണം' സന്നദ്ധ സംഘനകളെ ഉൾപ്പെടുത്തി ' സേവന', വ്യവസാ യികളെയും കച്ചവടക്കാരെയും ഉൾപ്പെടുത്തി 'ദർപ്പണം' എന്നീ പേരുകളിൽ ആഭ്യന്തര വകുപ്പിന്റെ നിർദ്ദേശ പ്രകാരം ജില്ലാ പോലീസിന്റെ " we are one" എന്ന ആശയ പ്രചരണാർത്ഥം, പൊതുജന കൂട്ടായ്മ ഊർജ്ജിതമായി പ്രവർത്തിച്ചു വരുന്നുണ്ട്. കാസർഗോഡ് ജില്ലയിൽ പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്നതിനായി 175 തസ്തികകൾ അധികമായി അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ